ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.10.2026

TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ഭീകരവാദത്തത്തോട് 1. കേരളം ഉൾപ്പെടെ രാജ്യത്തെ 17 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംക്ഷിപ്ത വോട്ടർ പട്ടിക പരിഷ്കരണത്തിന് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **Election Commission Directs Special Summary Revision of Electoral Rolls in 17 States and Union Territories, Including Kerala.**

2. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവം ഉദ്ഘാടനം ചെയ്യും.

   **Vice President C. P. Radhakrishnan to Visit Kozhikode Today; to Inaugurate Navaratri Sargotsavam at Kesari Bhavan. Vice President C. P. Radhakrishnan to Visit Kozhikode Today; to Inaugurate Navaratri Sargotsavam at Kesari Bhavan.**

3. സൗദി അറേബ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത്, ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദേശവുമായി റിയാദിലെ ഇന്ത്യൻ എംബസി.

Indian Embassy in Riyadh Issues Advisory to Indian Nationals Amid Current Situation in Saudi Arabia.

4. വിവിധ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ രാജ്യത്തെ വ്യവസായ മേഖലയ്ക്ക് വലിയ ഗുണം ചെയ്യുമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയുഷ് ഗോയൽ.

India's Free Trade Agreements with Various Countries to Greatly Benefit Domestic Industries: Piyush Goyal .

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത.

IMD Forecasts Rain, Thunderstorms and Strong Winds in Kerala; Yellow Alert Issued Across All Districts Today.

6. ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റായ്പൂരിൽ.

First Match of India–Zimbabwe Women's T20 Cricket Series to Begin in Raipur Today

**EC - SSR**

കേരളം ഉൾപ്പെടെ രാജ്യത്തെ 17 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംക്ഷിപ്ത വോട്ടർ പട്ടിക പരിഷ്കരണത്തിന് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. അടുത്ത വർഷം ജനുവരി 1 യോഗ്യതാ തീയതിയായി നിശ്ചയിച്ച് കൊണ്ടാണ് നടപടി. ലക്ഷദ്വീപ്, തമിഴ്നാട്,

പുതുച്ചേരി തുടങ്ങിയ ഇടങ്ങളിലും പ്രക്രിയ നടപ്പാക്കും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടന്നുകൊണ്ടിരിക്കുന്നതോ അടുത്തിടെ പൂർത്തിയായതോ ആയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, SSR-നുള്ള സമയക്രമം പിന്നീട് അറിയിക്കുമെന്ന് കമ്മീഷൻ വ്യക്തമാക്കി. 2027 ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ അർഹത നേടുന്ന വോട്ടർമാർക്കും എൻറോൾമെന്റിനായി മുൻകൂട്ടി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

## NSSO-UNEMPLOYMENT

രാജ്യത്തെ മൊത്തം തൊഴിൽ ശക്തി പങ്കാളിത്ത നിരക്കിലും തൊഴിലാളി-ജനസംഖ്യാ അനുപാതത്തിലും മുൻവർഷത്തെക്കാൾ വർധനയുണ്ടായതായി നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്. അതേസമയം, തൊഴിലില്ലായ്മ നിരക്ക് അഞ്ച് ശതമാനമായി കുറഞ്ഞതായും വ്യക്തമാക്കുന്നു. തൊഴിൽ മേഖലയിൽ വന്ന പുരോഗതിയെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന് NSO പറഞ്ഞു. നഗരപ്രദേശങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലും ശ്രദ്ധേയമായ വർധന രേഖപ്പെടുത്തിയിട്ടുണ്ട്.

## NAVY SHIP SAMARTHAK

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന്, ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച നാവികസേനാ കപ്പലായ 'സമർത്ഥക്'

രാജ്യത്തിന് സമർപ്പിക്കും. കർണാടക കാർവാറിലെ ഐഎൻഎസ് കദംബ നേവൽ ബേസിലാണ് ചടങ്ങ്. ഇന്ത്യയിൽ നിർമ്മിച്ച നാവികസേനയുടെ ആദ്യത്തെ തദ്ദേശീയ വിവിധോദ്ദേശ്യ കപ്പൽ ആണ് 'സമർത്ഥക്'.

❁❁❁❁❁❁❁❁❁❁❁❁❁

## VP - KERALA

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സവവും, സാംസ്കാരിക സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് വൈകിട്ട് 4 മണി മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭാ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ഉച്ചയ്ക്കുശേഷം ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NIYAMASABHA (INTRO)

പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനം ഇന്നും തുടരും. ഇന്ന് പിരിയുന്ന സഭ പിന്നീട് ഇരുപത്തിയാറാം തീയതി പുനരാരംഭിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം***

BLIND FEDERATION– CHENNITHALA

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അറുപതാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം ഇന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തിരുവനന്തപുരത്തു നിർവഹിക്കും. കാഴ്ചപരിമിതിയുള്ള നിർധന വനിതകൾക്ക് അദ്ദേഹം ബ്രയിൽ വാച്ചുകൾ വിതരണം ചെയ്യും. കാഴ്ചപരിമിതർക്കായുള്ള വൈറ്റ് കെയ്ൻ ബാങ്കിൻറെ ഉദ്ഘാടനം മന്ത്രി പിസി വിഷ്ണുനാഥ് നിർവഹിക്കും. ഇതോടനുബന്ധിച്ച് സൗജന്യ നേത്ര പരിശോധനാ ക്യാമ്പും നടക്കും.

MEA – SAUDI ARABIA ADVISORY

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത്, പ്രാദേശിക അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണമെന്ന് റിയാദിലെ ഇന്ത്യൻ എംബസിയുടെ അറിയിപ്പ്. വ്യോമാക്രമണം ഉണ്ടായാൽ വീടുകളിൽ തന്നെ കഴിയണമെന്ന് എംബസ്സി ഇന്ത്യൻ പൗരന്മാരോട് അഭ്യർത്ഥിച്ചു. ആക്രമണം പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ടോ, മിസൈലുകൾ പതിച്ച സ്ഥലങ്ങളെക്കുറിച്ചോ ഉള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതോ

ചിത്രീകരിക്കുന്നതോ പ്രാദേശിക നിയമപ്രകാരം കുറ്റകരമാണെന്നും എംബസി മുന്നറിയിപ്പ് നൽകി. സൗദിയിൽ നിന്ന് അടിയന്തിരമായി മടങ്ങാൻ ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്ക് ബഹ്റൈൻ, കുവൈറ്റ്, ഖത്തർ തുടങ്ങിയ അയൽരാജ്യങ്ങളിൽ നിന്നുള്ള വിമാന സർവീസുകൾ പരിഗണിക്കാവുന്നതാണെന്നും ഇതിനാവശ്യമായ വീസ വ്യക്തികളുടെ ഉത്തരവാദിത്തമാണെന്നും എംബസി അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**GOYAL FTA (INTRO)**

വിവിധ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ രാജ്യത്തെ വ്യവസായ മേഖലയ്ക്ക് വലിയ ഗുണം ചെയ്യുമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയുഷ് ഗോയൽ. രാജ്യത്തെ വ്യാപാര-വാണിജ്യ ഭരണനിർവ്വഹണ സംവിധാനങ്ങളിലെ പരിഷ്കാരങ്ങൾ സംബന്ധിച്ച അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**NEW GOVT- US EXPORTS**

ഇന്ത്യ-അമേരിക്ക വ്യാപാര കരാർ യാഥാർത്ഥ്യമാക്കാൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ. പെട്രോളിയം, കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ കയറ്റുമതിയിലുണ്ടായ വർദ്ധനയാണ്

വളർച്ചയ്ക്ക് കാരണമെന്നും അദ്ദേഹം വ്യക്തമാക്കി. ഈ വർഷം സെപ്റ്റംബറിലെ മാത്രം കയറ്റുമതി 44.40 ബില്യൺ ഡോളറിലെത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## E GOVERNANCE – NATIONAL CONFERENCE

ഇ-ഗവേണൻസ് പരിഷ്കരണങ്ങളെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തിന് ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ ഇന്ന് തുടക്കമാകും. ഇ-ഗവേണൻസ് പരിഷ്കരണങ്ങൾ, ഡിജിറ്റൽ പരിവർത്തനം, നവീകരണം, ഫലപ്രദമായ ഭരണരീതികൾ എന്നിവയെക്കുറിച്ച് സമ്മേളനത്തിൽ ചർച്ച ചെയ്യും. രാജ്യത്തുടനീളമുള്ള മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരും വിദഗ്ധരും സമ്മേളനത്തിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## SC–NEET

2026-ലെ NEET-PG പരീക്ഷയുടെ ഉത്തരസൂചിക , ഉദ്യോഗാർത്ഥികൾ ഉത്തരം രേഖപ്പെടുത്തിയ പ്രക്രിയ എന്നിവയിൽ കൂടുതൽ സുതാര്യത ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയിൽ, കേന്ദ്ര സർക്കാരിനോടും നാഷണൽ മെഡിക്കൽ കമ്മീഷനോടും മറുപടി തേടി സുപ്രീം കോടതി. ഉദ്യോഗാർത്ഥികൾക്ക്, രേഖപ്പെടുത്തിയ ഉത്തരങ്ങളും, ശരിയായ ഉത്തരങ്ങളും തമ്മിൽ പരിശോധിക്കാൻ അവസരം നൽകണമെന്ന് ഹർജിയിൽ പറയുന്നു.

## DELHI POLICE -PROTEST

ന്യൂഡൽഹിയിലെ കണാട്ട് പ്ലേസ് മേഖലയിൽ ഇന്ന് പ്രതിഷേധങ്ങൾക്ക് സാധ്യതയുള്ള പശ്ചാത്തലത്തിൽ, നിരോധനാജ്ഞ ഏർപ്പെടുത്തിയതായി ഡൽഹി പോലീസ്. സമരങ്ങൾ വ്യാപാരത്തെ ബാധിക്കുന്നതായി കാണിച്ച് കണാട്ട് പ്ലേസിലെയും പരിസരപ്രദേശങ്ങളിലെയും വിവിധ വ്യാപാരി സംഘടനകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടെന്നും പോലീസ് വ്യക്തമാക്കി. അതേസമയം, ഭരണപരമായ കാരണങ്ങളാൽ സെൻട്രൽ പാർക്ക് അടുത്ത രണ്ട് ദിവസത്തേക്ക് അടച്ചിടുമെന്ന് ന്യൂഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ ഡൽഹി പോലീസിനെ അറിയിച്ചു.

## WORLD FOOD DAY

ഇന്ന് ലോക ഭക്ഷ്യ ദിനം. 1945-ൽ ഐക്യരാഷ്ട്രസഭയുടെ കീഴിൽ ഭക്ഷ്യ-കാർഷിക സംഘടന സ്ഥാപിതമായതിന്റെ സ്മരണയിലാണ്, എല്ലാ വർഷവും ഒക്ടോബർ 16-ന് ദിനാചരണം സംഘടിപ്പിക്കുന്നത്. “ഇന്നത്തെ നവീകരണം; നാളത്തെ പോഷണം” എന്നതാണ് ഈ വർഷത്തെ പ്രമേയം.

## GeM - JAN-SEVA ( INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമി ക്കുന്നു. ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലെയ്സ് പ്ലാറ്റ്ഫോമിനെ കുറിച്ചാണ്, 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. 2016 ഓഗസ്റ്റ് 9-നാണ് വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ GeM പോർട്ടൽ ആരംഭിച്ചത്. പൊതു സംഭരണ പ്രക്രിയയിലെ അഴിമതി ഒഴിവാക്കുക, സുതാര്യത ഉറപ്പാക്കുക, വേഗത വർദ്ധിപ്പിക്കുക എന്നിവയാണ് പോർട്ടലിന്റെ പ്രധാന ലക്ഷ്യങ്ങൾ. സാധാരണക്കാർക്ക് സർക്കാരുമായി നേരിട്ട് ബിസിനസ്സ് ചെയ്യാനുള്ള വലിയൊരു അവസരമാണ് GeM തുറന്നു നൽകിയിരിക്കുന്നതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു. ( വോയിസ്.....)

## KERALA RAIN

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കേണ്ടതാണ്.

## CRICKET

ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റായ്പൂരിൽ നടക്കും. രാത്രി 7 മണിക്കാണ് മത്സരം. ഛത്തീസ്ഗഡ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, മത്സരം കാണാൻ സ്ത്രീകൾക്ക് സൗജന്യ പ്രവേശനം ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON- DENMARK OPEN

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന്റെ രണ്ടാം റൗണ്ടിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് പുറത്തായി. ഫ്രാൻസിന്റെ അലക്സ് ലാനിയറിനോട് പരാജയപ്പെട്ടാണ് മുൻ ലോക ഒന്നാം നമ്പർ താരത്തിന്റെ മടക്കം. അതേസമയം, വനിതാ ഡബിൾസിൽ ഇന്ത്യക്ക് ആശ്വാസമായി ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## IFFI MEDIA - EXTENDED

ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മീഡിയ അക്രഡിറ്റേഷനുള്ള സമയം നീട്ടി. മേള റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർക്ക് ഇന്നും നാളെയും കൂടി പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഔദ്യോഗിക അക്രഡിറ്റേഷൻ പോർട്ടൽ വഴി അപേക്ഷ നൽകാം.

❁❁❁❁❁❁❁❁❁❁❁❁❁

## CANNABIS SEIZURE-EKM

എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ വൻ കഞ്ചാവ് വേട്ട; 2 ലക്ഷം രൂപ വിലമതിക്കുന്ന 4 കിലോ കഞ്ചാവുമായി രണ്ട് അസം സ്വദേശികൾ RPF ന്റെ പിടിയിലായി.

## OBITUARY-V DEVIKA

ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച കണ്ണൂർ പടിയൂർ സ്വദേശിനി വി. ദേവികയുടെ ചിതാഭസ്മം ഇന്ന് രാവിലെ കുടുംബാംഗങ്ങൾക്കു കൈമാറും. ഇന്നലെ പുലർച്ചെ തിരുവനന്തപുരത്തെത്തിച്ച ചിതാഭസ്മം നോർക്ക റൂട്ട്സ് അധികൃതർ ഏറ്റുവാങ്ങി കണ്ണൂരിലെത്തിച്ചിരുന്നു. ദേവികയുടെ മൃതശരീരം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടുംബത്തിന്റെ അനുവാദത്തോടെ ജപ്പാനിലാണ് സംസ്കരിച്ചത്.